**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1231** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂറിലെ പൊതുമരാമത്ത് റോഡുകളുടെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിൽ കിഫ്ബി ഏറ്റെടുത്ത ആലക്കോട്-പൂവഞ്ചാൽ-മാവിൻതട്ട്-കാപ്പിമല റോഡ്, മണക്കടവ്-മൂരിക്കടവ്-കാപ്പിമല റോഡ്, ആലക്കോട്-പാത്തൻപാറ-വെള്ളാട്-നൂലിട്ടമല-കനകകുന്ന് റോഡ് എന്നീ റോഡുകൾ കിഫ്ബി നിലവാരത്തിൽ നിർമ്മാണം നടത്തുന്നത് പ്രായോഗികമല്ല എന്ന കാരണത്താൽ പൊതുമരാമത്ത് വകുപ്പിന് തിരികെ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആലക്കോട് - പൂവ്വഞ്ചാൽ - മാവിൻതട്ട് - കാപ്പിമല റോഡ് പ്രവൃത്തി കിഫ്ബി ഫണ്ടിംഗിൽ നിന്നും ഒഴിവാക്കിയതായി കിഫ്ബി അറിയിച്ചിട്ടുണ്ട്. മണക്കടവ് - മൂരിക്കടവ് - കാപ്പിമല റോഡും ആലക്കോട് പാത്തൻപാറ - വെള്ളാട് - കനകക്കുന്ന് റോഡും ഗതാഗത സാന്ദ്രത കുറവുള്ള ഗണത്തിൽപ്പെടുന്നതാണ്. എന്നാൽ പ്രസ്തുത പദ്ധതികൾ ഒഴിവാക്കികൊണ്ടുള്ള ഉത്തരവ് കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ ഇവയ്ക്ക് പകരം മറ്റ് റോഡുകൾ കിഫ്ബിയ്ക്ക് കൈമാറുന്നത് പരിഗണിക്കുമോ; | (ബി) | നിലവിൽ പരിഗണനയിലില്ല. |
| (സി) | യാത്രയോഗ്യമല്ലാതായിരിക്കുന്ന മേൽപ്പറഞ്ഞ റോഡുകൾ പൊതുമരാമത്ത് വകുപ്പ് തന്നെ നിർമ്മാണ പ്രവൃത്തി നടത്തി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ? | (സി) | മേൽപ്പറഞ്ഞ റോഡുകളിൽ ആലക്കോട് - പൂവ്വഞ്ചാൽ - മാവിൻതട്ട് - കാപ്പിമല റോഡ് ഒഴികെ മറ്റ് രണ്ട് റോഡുകളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്താൻ കേരള റോഡ് ഫണ്ട് ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ